## നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

ശാരീരിക അസ്വാസ്ഥ്യങ്ങളുള്ളതിനാൽ ഡോക്ടർമാർ എനിക്ക് കുറച്ച് ദിവസങ്ങൾകൂടി വിശ്രമം നിർദ്ദേശിച്ചിരിക്കുയാണ്. 14-ാം കേരള നിയമസഭയുടെ 19-ാം സമ്മേളന കാലയളവിൽ അതുകൊണ്ടുതന്നെ എനിക്ക് സഭയിൽ ഹാജരാകാൻ കഴിയാതെ വന്നിരിക്കുന്നു. ആയതിനാൽ പ്രസ്തുത യോഗത്തിൽ ഹാജരാകാതിരിക്കാനുള്ള അനുവാദം എനിക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കാനുള്ള അനുവാദം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എൻ. വിജയൻ പിള്ള അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യപരമായ കാരണങ്ങളാൽ 2020 മാർച്ച് മാസം 2-ാം തീയതി മുതൽ ഏപ്രിൽ 8-ാം തീയതിവരെ നടക്കുന്ന 14-ാം കേരള നിയമസഭയുടെ 19-ാം

സമ്മേളനത്തിൽ ഹാജരാകാൻ കഴിയില്ലായെന്നുള്ള വിവരം അറിയിക്കുന്നു. ടി കാലയളവിൽ അവധി അനുവദിച്ചുതരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. എൻ. വിജയൻ പിള്ള എന്നിവർക്ക് പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനത്തിലെ സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

സഭയുടെ അനുമതിയോടെ അംഗങ്ങൾക്ക് സഭയിൽ ഹാജരാകാതിരിക്കാൻ അനുവാദം നൽകിയിരിക്കുന്നു.